പത്രക്കുറിപ്പ്
**7-10-2017**

### കുടുംബശ്രീ ബഡ്സ് സ്കൂളുകൾക്ക് ലയൺസ് ക്ളബ്ബിന്റെ പിന്തുണ:

:

മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി
ലയൺസ് ക്ളബ്ബിന്റെ പിന്തുണയോടെ പത്തു ബഡ്സ് സ്കൂൾ തുടങ്ങും

തിരുവനന്തപുരം: മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീ മുഖേന നടപ്പാക്കി വരുന്ന ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ ലയൺസ് ക്ളബ്ബും പങ്കാളിയാകുന്നു. ഇതു പ്രകാരം കോട്ടയം പത്തനംതിട്ട ആലപ്പുഴ ജില്ലകളിലായി പത്തു ബഡ്സ് സ്കൂളുകൾ തുടങ്ങാൻ ആവശ്യമായ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്ക് ലയൺസ് ക്ളബ്ബ് നൽകും. നവംബർ മാസത്തിൽ ചെങ്ങന്നൂരിൽ ലയൺസ് ക്ളബ് നൽകുന്ന കെട്ടിടത്തിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുമായി ചേർന്ന് ആദ്യത്തെ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കും. ഡിസംബറോടെ പത്തു സ്കൂളുകൾക്കും വേണ്ട കെട്ടിടം നൽകാമെന്ന് ലയൺസ് ക്ളബ് 318 ബി ജില്ലാ ഭാരവാഹികൾ വാഗ്ദാനം നൽകി.

തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്നു കുടുംബശ്രീ ബഡ്സ് സ്കൂളുകൾക്ക് പ്രവർത്തിക്കാൻ സ്ഥലം നൽകാമെന്ന് കാണിച്ച് ലയൺസ് ക്ളബ് 318.ബി ജില്ലാ ഭാരവാഹികൾ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കത്തു നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി ഡോ.കെ.ടി.ജലീലിന്റെ അധ്യക്ഷതയിൽ നടത്തിയ ചർച്ചയിലാണ് പത്തു ബഡ്സ് സ്കൂളുകൾ തുടങ്ങാനുള്ള കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നൽകാമെന്ന് ലയൺസ് ക്ളബ് 318.ബി അധികൃതർ വാഗ്ദാനം നൽകിയത്.

കോട്ടയം പത്തനംതിട്ട ജില്ലകളും ചെങ്ങന്നൂർ മാവേലിക്കര കുട്ടനാട് താലൂക്കുകൾ ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയും ഉൾപ്പെടുന്ന ലയൺസ് ക്ളബ്ബ് ഇന്റർനാഷണൽ 318.ബിയുടെ നേതൃത്വത്തിൽ ഈ വർഷം നടപ്പാക്കുന്ന സേവന പദ്ധതിയായ 'പ്രോജക്ട് ലില്ലി' (ലയൺസ് ഇനിഷ്യേറ്റീവ് ഫോർ ലേണിങ്ങ് ആൻഡ് ലിസണിങ്ങ് ഡെഫിഷ്യൻസി)യിൽ ഉൾപ്പെടുത്തിയാണ് ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നത്. അർഹരായവർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനും പഠിക്കാനും ശ്രദ്ധിക്കാനുമുള്ള കുട്ടികളുടെ കഴിവില്ലായ്മ പരിഹരിക്കുന്നതിനാവശ്യമായ പിന്തുണ നൽകുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ബഡ്സ് സ്കൂൾ തുടങ്ങുന്നതിനാവശ്യമായ കെട്ടിടം അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലയൺസ് ക്ളബ്ബ് സൗജന്യമായി നൽകും.

ബിഹേവിയറൽ തെറാപിസ്റ്റ് ഒക്യുപേഷണൽ തെറാപിസ്റ്റ് പീഡിയാട്രിക് സൈക്കോളജിസ്റ്റ് എന്നിവരുടെ നേതൃത്വത്തിൽ ബഡ്സ് സ്കൂളിലെ കുട്ടികളുടെ മാനസിക ബൗദ്ധിക വെല്ലുവിളികളുടെ തോത് ശാസ്ത്രീയമായി പരിശോധിച്ച് മനസിലാക്കുന്നതിനും കുട്ടികളുടെ സ്ഥിരതയും ക്ഷേമവും ഉറപ്പുവരുത്തുന്ന വിവിധ തെറാപ്പികൾ നൽകുന്നതിനും ലയൺസ് ക്ളബ്ബിന്റെ പിന്തുണ ലഭ്യമാകും. കുട്ടികളെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനായി അവർക്ക് താൽപര്യമുള്ള തൊഴിൽ മേഖലകൾ കണ്ടെത്തി തൊഴിൽ വൈദഗ്ധ്യശേഷി വർധിപ്പിക്കുന്നതിനായി പുനരധിവാസ കേന്ദ്രങ്ങൾ തുടങ്ങാനും പദ്ധതിയുണ്ട്. കൂടാതെ മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനാവശ്യമായ തൊഴിൽ പരിശീലനം നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

**കുടുംബശ്രീ**